
Issue - 1 | October 2020 | Total Pages 4

# പുഷ്പനാദം

PUSHPAGIRI COLLEGE OF DENTAL SCIENCES, PERUMTHURUTHY, THIRUVALLA



## ആശംസ

മധ്യതിരുവിതാംകൂറിൽ ദന്തപരിചരണ രംഗത്ത് ശ്രദ്ധേയവും പ്രശംസനീയ സംഭാവനകൾ നൽകിക്കൊണ്ടിരിക്കുന്ന ആരോഗ്യ പരിപാലന കേന്ദ്രമാണ് പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസ്. നൂതനവും സാങ്കേതികവും ശാസ്ത്രീയവുമായ ദന്തപരിചരണം അനേകർക്ക് അനുഗ്രഹമായിത്തീരുന്നു. പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസ് പുഷ്പനാദം എന്ന പേരിൽ ഒരു ന്യൂസ് ബുള്ളറ്റിൻ പുറത്തിറക്കുന്നു എന്നറിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ദന്തപരിചരണവും, സംരക്ഷണവും, സംശയനിവാരണങ്ങളും, പുത്തൻ അറിവുകളും ഇതുവഴി ഏവർക്കും ലഭ്യമാക്കുകയാണ് ഇതിന്റെ ലക്ഷ്യം എന്നു മനസ്സിലാക്കുന്നു. ഈ സംരഭത്തിന് എല്ലാവിധമായ പ്രാർത്ഥനാശംസകളും നേരുന്നു.

**+തോമസ് മാർ കൂറീലോസ്**
**മെത്രോപ്പോലീത്തൻ**
**ആർച്ച്ബിഷപ്പ്**
തിരുവല്ല അതിഭദ്രാസനം

## കേരളത്തിലെ മികച്ച ഡെന്റൽ കോളേജ് : പുഷ്പഗിരി

(The Week Magazine Survey)

ദി വീക്ക് മാഗസിൻ ഇൻഡ്യയിലെ ഏററവും മികച്ച ഡെന്റൽ കേളേജുകളെ കണ്ടെത്തുവാൻ നടത്തിയ സർവ്വേയിൽ കേരളത്തിലെ ഏറ്റവും മികച്ച ഡെന്റൽ കോളേജായി പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസ്സിനെ തിരഞ്ഞെടുത്തു. ഇൻഡ്യയിൽ ഉടനീളമുള്ള നൂറുകണക്കിന് ഗവൺമെന്റ് പ്രൈവററ് കോളേജുകളെ പിൻതള്ളിയാണ് പുഷ്പഗിരി ഈ നേട്ടം കൈവരിച്ചത്. ബി.ഡി.എസ്സ്, എം.ഡി.എസ്സ് തുടങ്ങിയ കോഴ്സുകളോടൊപ്പം ഗവൺമെന്റിന്റെയും, ഡി.സി.ഐയുടെയും അംഗീകാരത്തോട് കൂടിയ ഡോറ കോഴ്സുകളിലും പുഷപഗിരിയിൽ പരിശീലനം നൽകുന്നു. മികച്ച വിദ്യാഭ്യാസം, പരിചയ സമ്പന്നരായ അദ്ധ്യാപകർ, അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ലാബ്, മെഡിക്കൽ കോളേജ് ആശുപത്രിയുടെ സേവനങ്ങൾ, മികച്ച മാനേജ്മെന്റും, തുടങ്ങിയവർ വിദ്യാർത്ഥികൾക്ക് ഏററവും മികച്ച പരിശീലനം ലഭിക്കുന്നതിന് വലിയ പങ്ക് വഹിച്ചു.

## Director's Message



മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ആരോഗ്യപരിപാലന രംഗത്ത് യശസ്സുയർത്തി ഒരു പൊൻതൂവൽ പോലെ വിരാജിക്കുന്ന കോളേജ് ഓഫ് ഡെന്റൽ സയൻസ് പുറത്തിറക്കുന്ന പുഷ്പനാദം എന്ന ന്യൂസ് ബുള്ളറ്റിന് എല്ലാ ആശംസകളും. സാമൂഹിക പ്രതിബദ്ധതയോടുകൂടി ജനമനസ്സിൽ ഇടംപിടിച്ച ഈ സ്ഥാപനത്തിൽ എളിയ ശുശ്രൂഷ ചെയ്യുവാൻ അവസരം തന്നതിന് ദൈവത്തിന് നന്ദി പറയുന്നു. അനുഭവസമ്പന്നരായ ഡോക്ടേഴ്സ്, സമർപ്പണ ബോധമുള്ള സ്റ്റാഫ്, പുത്തൻ അറിവുകൾ നേടാനെത്തി ഈ കോളേജിനെ സ്വന്തമായിക്കരുതി സ്നേഹിക്കുന്ന വിദ്യാർഥികൾ, കോളേജിന് താങ്ങും തണലുമായി നിൽക്കുന്ന അതിരൂപതാ നേതൃത്വം, സർവോപരി ഈ സ്ഥാപനത്തെ സ്നേഹിക്കുന്ന വലിയ ഒരു ജനസമൂഹം ഇവയൊക്കെയാണ് ഈ മെഡിസിറ്റിയുടെ ശക്തി. ഈ കൊറോണയുടെ കാലഘട്ടത്തിൽ കടന്നുവരുന്നവരുടെ സുരക്ഷയ്ക്ക് പ്രാധാന്യം നൽകി, ആവശ്യമായ മുൻകരുതൽ എടുത്ത് നാം മുമ്പോട്ടു പോകുന്നു. പുഷ്പനാദം വർത്താപത്രികയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ പ്രിയപ്പെട്ടവർക്കും ആശംസകളും എല്ലാവിധ അനുഗ്രഹങ്ങളും പ്രാർത്ഥിക്കുന്നു

സ്നേഹത്തോടെ
**ഫാ. എബി വടക്കുംതല**
ഡയറക്ടർ, പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്

## CEO's Message



കേരളത്തിലെ ഏറ്റവും മികച്ച ഡെന്റൽ കോളേജ് എന്ന ബഹുമതി ലഭിച്ച പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസിന് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ. ഗുണനിലവാരമുള്ള വിദ്യാഭ്യാസവും ചികിത്സയും നൽകുന്നതിലൂടെ ദന്തപരിരക്ഷയ്ക്ക് പുഷ്പഗിരി ഡെന്റൽ കോളേജ് നൽകുന്ന നേതൃത്വത്തിന് പ്രസക്തിയേറെയാണ്. 'പുഷ്പനാദം' എന്ന പേരിൽ ഒരു ന്യൂസ് ലെറ്റർ പ്രകാശനം ചെയ്യുന്നു എന്നറിഞ്ഞതിൽ വളരെയധികം സന്തോഷവും അഭിമാനവും തോന്നുന്നു. ഈ ന്യൂസ് ലെറ്റർ മുഖേന കോളേജിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, ചികിത്സാ രീതികളെക്കുറിച്ചും പൊതു സമൂഹത്തിന് അറിവ് ലഭിക്കുവാൻ ഇടയാകുമെന്ന് മനസ്സിലാക്കുന്നു. പുഷ്പഗിരി കുടുംബം എന്നും സാധാരണക്കാരായ ജനങ്ങളുടെ നന്മയ്ക്കു വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനമാണ്. തുടർന്നും അപ്രകാരം പ്രവർത്തിക്കാൻ ദൈവാനുഗ്രഹം ഉണ്ടാകട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. ഈ പ്രതിസന്ധി നിറഞ്ഞ കോവിഡ് കാലവും നാം ഒരുമിച്ച് അതിജീവിക്കും. നല്ല കാലവും, നല്ല തലമുറകളും, ഐശ്വര്യ സമൃദ്ധമായ സംവത്സരങ്ങളും ദൈവം നമുക്കു തരും. ആരോഗ്യമുള്ള തലമുറയെ രൂപപ്പെടുത്തുന്നതിന് പുഷ്പഗിരിയോട് ചേർന്ന് പ്രവർത്തിക്കുവാൻ എല്ലാവർക്കും സാധിക്കട്ടെ. 'പുഷ്പനാദം' എന്ന ന്യൂസ് ലെറ്ററിനു വേണ്ടി പ്രയത്നിക്കുന്ന എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ. 'പുഷ്പനാദ'ത്തിന് എല്ലാ ആശംസകളും.

**ഫാ. ജോസ് കല്ലുമാലിക്കൽ**
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**
**പുഷ്പഗിരി ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസ്**

## Editorial



ഒരു പുതിയ തുടക്കത്തിന്റെ ആദ്യ ലക്കമാണ് ഈ പുഷ്പനാദം. നമ്മുടെ ശാസ്ത്ര കലാലയത്തിന്റെ മുഖപത്രം നിങ്ങളുടെ കൈകളിലെത്തുക വർഷത്തിൽ 3 പ്രാവശ്യമാണ്. വിശേഷങ്ങളും, അറിയിപ്പുകളും, പ്രവർത്തനങ്ങളും യഥാവിധി കൈകളിലെത്തിക്കുവാൻ ഈ വാർത്താ രേഖയ്ക്ക് കഴിയുമെന്ന് ഉറച്ച് വിശ്വസിച്ചുകൊണ്ട് ആദ്യ പതിപ്പ് നിങ്ങളുടെ വായനയ്ക്കായി സ്നേഹപൂർവ്വം സമർപ്പിക്കട്ടെ. ഈ കോവിഡ് കാലയളവിൽ നല്ല ആരോഗ്യകരവും, സന്തോഷപ്രദവുമായ ദിവസങ്ങൾ ആശംസിക്കുന്നു, തുടർന്നും ഞാൻ എല്ലാവരുടെയും സഹായസഹകരണം അഭ്യർത്ഥിക്കുന്നു.

ഏറ്റവും വിനീതനായി
**ഡോ. നിതിൻ പ്രതാപ്**

## Principal's Message



പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസ് "പുഷ്പനാദം" എന്ന വാർത്താക്കത്ത് പുറത്തിറങ്ങുന്നുവെന്നറിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ കോവിഡ് കാലയളവിൽ നല്ല ആരോഗ്യകരമായ, സന്തോഷമുള്ള ദിവസങ്ങൾ ആശംസിച്ചുകൊണ്ട് ഞാൻ ആരംഭി ക്കട്ടേ. വിദ്യാർത്ഥികളുടെയും സ്റ്റാഫുകളുടെയും കോൺഫറൻസ്കൾ, പാഠ്യപദ്ധതി, പാഠ്യേതര പദ്ധതി പരിപാടികൾ എന്നിവ ഉൾപ്പെടെ നിരവധി സംഭവങ്ങൾ കോളേജിൽ വർഷം മുഴുവനും നടക്കുന്നു എങ്കിലും ഇവ ശരിയായി റിപ്പോർട്ട് ചെയ്യപ്പെടുന്നില്ല, മാത്രമല്ല മിക്കപ്പോഴും ആളുകൾക്ക് ഇതിനെക്കുറിച്ച് അറിയില്ല. ഒരു സ്ഥാപനം വളർച്ച പ്രാപിക്കുമ്പോൾ ഇത് സംഭവിക്കുന്നു എന്നത് സ്വാഭാവികമാണ്. ഈ വാർത്താ കത്ത് ഈ കുറവിനെ നികത്തുമെന്നും നമുക്കെല്ലാവർക്കും പങ്കിടാനുള്ളവേദിയായിരിക്കുമെന്നും എനിക്ക് ഉറപ്പുണ്ട്.

പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസിനെ നല്ലവനായ ദൈവം സമൃദ്ധമായി അനുഗ്രഹിക്കട്ടെ

**ഡോ. ജോർജ്ജ് വർഗ്ഗീസ്**
പ്രിൻസിപ്പൽ

**ഒക്ടോബർ 1 - Pushpagiri Day**



**പുഷ്പഗിരി ദിനാശംസകൾ!**

# കോവിഡ് അതിജീവനവും പുഷ്പഗിരി ഡെന്റൽ കേളേജും

Dr. Jose Jacob

കഴിഞ്ഞ വർഷാവസാനത്തോടെ വുഹാനിൽ തുടങ്ങി ലോകമെമ്പാടും പടർന്ന കോവിഡ്-19 ഏറ്റവും പ്രതിസന്ധിയിലാക്കിയത് ആരോഗ്യചികിത്സാ മേഖലയിലെ ദന്തചികിത്സാ വിഭാഗത്തെയായിരുന്നു. അതിന് പ്രധാന കാരണങ്ങൾ രോഗഹേതുവായേക്കാവുന്ന വൈറസ് അടങ്ങിയ എയറോസോൾ അഥവ ഖര-ദ്രാവക പദാർത്ഥകണികകൾ ഉല്പാദിപ്പിക്കപ്പെടുന്നവയാണ് ഏതാണ്ട് 80% വരുന്ന ചികിത്സാ രീതികൾ എന്നതും, പരിശോധന ചികിത്സാ വേളകളിൽ ഡോക്ടറും രോഗിയും തമ്മിൽ അടുത്ത സാമീപ്യം ആവശ്യമായി വരുന്നു എന്നുള്ളതുമാണ്. ഇക്കാരണങ്ങളാൽ 2020 ഏപ്രിൽ, മെയ് മാസങ്ങളിൽ രാജ്യത്തെമ്പാടുമുള്ള ഡെന്റൽ ക്ലിനിക്കുകൾ അടഞ്ഞു കിടന്നു. തിരുവല്ലയിലെയും, പരിസരപ്രദേശങ്ങളിലെയും നിവാസികൾക്ക് മിതമായ നിരക്കിൽ മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കിയിരുന്ന സാമൂഹിക പ്രതിബദ്ധതയുള്ള ഒരു സ്ഥാപനം കോവിഡ്-19 മഹാമാരി മൂലമുള്ള അനിശ്ചിതത്വത്തിൽ കൂടുതൽ കാലം അടഞ്ഞു കിടക്കുന്നത് അഭികാമ്യമല്ല എന്ന മെഡിസിറ്റി ഡയറക്ടർ ബഹുമാനപ്പെട്ട എബി വടക്കുംതല അച്ചന്റെ നിർദ്ദേശാനുസരണം ജൂൺ 1 മുതൽ ഡെന്റൽ കോളേജ് പ്രവർത്തനം പുനരാരംഭിച്ചു. സമ്പൂർണ്ണ ലോക്ക്ഡൗണിനു ശേഷം ഏറ്റവും ഫലപ്രദമായ രീതിയിൽ മികച്ച കോവിഡ് പ്രതിരോധ സംവിധാനങ്ങളുമായി പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസ് എങ്ങനെ ഈ പ്രതിസന്ധികളെ മറികടന്നു എന്ന് അവലോകനം ചെയ്യുന്നത് ഉചിതമായിരിക്കും. സ്വയം സുരക്ഷിതരാകുന്നതിനൊപ്പം മറ്റുള്ളവരിലേക്ക് രോഗവ്യാപനം നടക്കരുതെന്നുമുള്ള കോളേജ് അധികൃതരുടെയും, മാനേജ്മെന്റിന്റെയും ശ്രമങ്ങൾ ഇതുവരെയും 100% വിജയകരമായിരുന്നു എന്നു പറയേണ്ടിയിരിക്കുന്നു.

അനുദിനം അനുവർത്തിച്ചു വന്നിരുന്ന അണുനശീകരണപ്രക്രീയകളും, സുരക്ഷാ മാനദണ്ഡങ്ങളും കൂടാതെ എന്തൊക്കെ മുൻകരുതലുകളാണ് കഴിഞ്ഞ മാസങ്ങളിലെടുത്തിരിക്കുന്നുവെന്ന് നോക്കാം :

- ആശുപത്രി കാമ്പസിലേക്ക് കടന്നു വരുമ്പോൾ പ്രധാന കവാടത്തിൽ വെച്ച് രോഗികളുടെയും, കൂടെ വരുന്നവരുടെയും, ആശുപത്രി ജീവനക്കാരുടെയും ശരീരോഷ്മാവ് രേഖപ്പെടുത്തുന്നു. അത് 37.3 ഡിഗ്രി സെന്റിഗ്രേഡിൽ കൂടുതൽ ആണെങ്കിൽ ചികിത്സ താൽക്കാലികമായി മാറ്റി വെയ്ക്കാൻ നിർദ്ദേശിക്കുന്നു.
- മെയിൻ എൻട്രൻസിന്റെ പുറത്ത് ക്രമീകരിച്ചിരിക്കുന്ന വാഷ് ബേസിനിൽ കൈകൾ സോപ്പ് ഉപയോഗിച്ച് കഴുകിയതിനു ശേഷം മാത്രം ഉള്ളിലേക്ക് പ്രവേശനം.
- റിസപ്ഷനിൽ ലഭ്യമാക്കിയിരിക്കുന്ന ചോദ്യാവലിയിൽ രോഗികൾ തങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.
- വെയിറ്റിംഗ് ഏരിയായിൽ സാമൂഹിക അകലം പാലിക്കപ്പെടേണ്ട രീതിയിൽ ഇരിപ്പിടങ്ങൾ സജ്ജീകരിച്ചിരിക്കുന്നു.
- ചികിത്സയ്ക്കായി ഡെന്റൽ ചെയറിൽ ഇരുന്നതിനുശേഷം വായിലെ ശ്രവങ്ങളിലെ വൈറസിന്റെ അളവ് (viral load) കുറയ്ക്കുന്നതിനായി ആന്റിസെപ്റ്റിക മൗത്ത് വാഷ് ഉപയോഗിച്ച് വായ് കഴുകുവാൻ ആവശ്യപ്പെടുന്നു.
- തുടർന്ന് രോഗിയുടെ രക്തത്തിലെ ഓക്സിജൻ സാന്ദ്രത പൾസ് ഓക്സിമീറ്റർ ഉപയോഗിച്ച് അളക്കുന്നു. ഇത് പരിധിയിലും കുറവാണെങ്കിൽ ചികിത്സ തൽക്കാലികമായി മാറ്റി വെയ്ക്കാൻ നിർദ്ദേശിക്കുന്നു.
- എയ്റോസോൾ കൂടുതലായി പുറപ്പെടുവിക്കുന്ന എയ്റോട്ടർ ഹാൻഡ് പീസുകൾ, അൾട്രോസോണിക് സ്കെയിലേഴ്സ് എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തിയിരിക്കുന്നു. അത്യാവശ്യഘട്ടങ്ങളിൽ എയ്റോട്ടർ ഹാൻഡ് പീസ് ഉപയോഗിക്കേണ്ടി വന്നാൽ രോഗിയുടെ സ്രവങ്ങൾ പുറത്തേയ്ക്ക് പടരാതിരിക്കുവാൻ സഹായിക്കുന്ന റബ്ബർ ഡാം ഉപയോഗിച്ച് സുരക്ഷിതമാക്കിയതിനുശേഷം മാത്രം ചികിത്സ തുടരുന്നു.
- ഒരു രോഗിയുടെ ചികിത്സ പൂർത്തിയാക്കിയതിനുശേഷം ഡെന്റൽ ചെയറും അനുബന്ധ ഉപകരണങ്ങളും ഉപരിതല അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കുന്നു. കൂടാതെ അന്തരീക്ഷത്തിലെ വൈറസിന്റെ അളവ് കുറയ്ക്കുന്നതിനായി ഫ്യൂമിഗേഷൻ എന്ന പ്രക്രീയയും ചെയ്യപ്പെടുന്നു.
- കോവിഡ് വ്യാപനം ഏറ്റവും നടക്കുന്നത് വായൂ സഞ്ചാരം കുറഞ്ഞ അടഞ്ഞ ഇടങ്ങളിലാണെന്ന് നിരവധി പഠനങ്ങൾ പറയുന്നു. നമ്മുടെ കോളേജ് സ്ഥിതി ചെയ്യുന്ന പ്രദേശം, കെട്ടിടത്തിന്റെ ഘടന, തുറന്ന വെയിറ്റിംഗ് ഏരിയാകൾ, വായു സഞ്ചാരമുള്ള ക്ലിനിക്കുകൾ ഇവയെല്ലാം തന്നെ ഒരു പരിധി വരെ രോഗവ്യാപനം തടയുന്നതിന് കാരണമാകുന്നു.

ദന്തചികിത്സക്കായി വരുന്ന രോഗികൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :

- നിങ്ങൾ പൂർണ്ണ ആരോഗ്യവാന്മാരും, ആവശ്യമായ ചികിത്സ സങ്കീർണ്ണവുമല്ലെങ്കിൽ കഴിവതും തനിയെ വരുന്നതാണ് ഉചിതം.
- രോഗിയുടെ കൂടെ ആൾ വരികയാണെങ്കിൽ (വാഹനമുള്ളവരാണെങ്കിൽ) ചികിത്സ കഴിയുന്നതുവരെ അതിൽ തന്നെ (വാഹനത്തിൽ) തങ്ങുവാൻ നിർദ്ദേശിക്കുക.
- പൂരക ചോദ്യാവലി സത്യസന്ധമായും, കൃത്യതയോടും പൂരിപ്പിക്കുക.
- റിസ്റ്റ് വാച്ച്, മൊബൈൽ ഫോൺ, ആഭരണങ്ങൾ എന്നിവ കഴിവതും ക്ലിനിക്കിനുള്ളിൽ ഒഴിവാക്കുക.
- അപ്പോയ്ന്റ്മെന്റ് സമയത്തിൽ കൃത്യത പാലിക്കുക. ഇതു മൂലം വെയ്റ്റിംഗ് ഏരിയായിൽ തിരക്കു കുറയും.

കോവിഡ്-19 നമ്മുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളെക്കുറിച്ചുമുള്ള പുനർചിന്തനത്തിന്റെ വഴിതെളിച്ചു കൊണ്ടിരിക്കുകയാണ്. വാക്സിൻ ലഭ്യമാകുന്നതുവരെ കോവിഡ് വൈറസിനൊപ്പം ജിവിക്കേണ്ടി വരുമ്പോൾ വസ്തുതകൾ മനസ്സിലാക്കി തക്കതായ മുൻകരുതലുകൾ എടുത്തും മുമ്പോട്ടു പോവുക.

## മികവിന്റെ നാൾവഴികൾ...

### ചാപ്പൽ കൂദാശയും ഡോക്ടേഴ്സ് ഡേ സെലിബ്രേഷനും



പുഷ്പഗിരി ഡെന്റൽ കോളജിന്റെ ഭാഗമായ പുതിയ ചാപ്പലിന്റെ കൂദാശാ കർമ്മം 2020 മാർച്ച് മാസം 6-ാം തീയതി തിരുവല്ല അതിരൂപത അദ്ധ്യക്ഷൻ ഡോ. തോമസ്സ് മാർ കൂറിലോസ് മെത്രാപ്പോലീത്ത നിർവ്വഹിച്ചു.



അന്നേദിവസം നടന്ന ഡോക്ടേഴ്സ് ഡേ ആഘോഷങ്ങളുടെ ഭാഗമായി അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത കേക്ക് മുറിക്കുകയും പുഷ്പഗിരി സ്റ്റാഫ്ന് വിതരണം ചെയ്യുകയും ചെയ്തു.

പുഷ്പഗിരി മെഡിസിററി ഡയറക്ടർ ഫാ.എബി വടക്കുംതല, പ്രിൻസിപ്പാൾ ഡോ.കെ. ജോർജ്ജ് വർഗ്ഗീസ് എന്നിവർ ആശംസകൾ അറിയിച്ചു.



### മിസ് തിരുവല്ല 2020

തിരുവല്ല പുഷ്പോത്സവ് 2020-ന്റെ ഭാഗമായി വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പങ്കെടുത്ത മിസ് തിരുവല്ല മത്സരത്തിൽ പുഷ്പഗിരി ഡെന്റൽ കോളേജ് വിദ്യാർത്ഥിനി ഡോ. സാന്ദ്ര ഒന്നാം സ്ഥാനം കരസ്ഥമാക്കി.



### ഓണാഘോഷം



2019-ാം ബാച്ചിന്റെ ഒന്നാം വാർഷികത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ ധനസമാഹരണം നടത്തി നിർധനരായ രണ്ട് വിദ്യാർത്ഥികൾക്ക് പഠനത്തിനായി ടെലിവിഷൻ സമ്മാനിച്ചുകൊണ്ട് ഏവർക്കും മാതൃകയായി.

### Enrich 2020



പുഷ്പഗിരി ഡെന്റൽ കോളേജ് Enrich എന്ന പേരിൽ ദേശീയ തലത്തിൽ സൂം പ്ലാററ്ഫോമിൽ വെബിനാർ സെപ്റ്റംബർ 10, 11, 19, 23 എന്നീ തീയതികളിൽ നടത്തപ്പെടുകയുണ്ടായി. ഇന്ത്യയിൽ നിന്ന് 350ൽ പരം ഡെന്റൽ വിദ്യാർത്ഥികളും ഹൗസ് സർജ്ജൻമാരും പങ്കെടുത്തു. കോവിഡിന്റെ പശ്ചാത്തലത്തിൽ ഇവരുടെ ക്ലിനിക്കൽ പോസ്ററിംഗ് പരിമിതപ്പെടുമ്പോൾ, അതുമൂലമുണ്ടാകുന്ന ശൂന്യത ഒരു പരിധി വരെ പരിഹരിക്കപ്പെടുമെന്നുള്ള ഉദ്ദേശവുമായി ക്ലിനിക്കൽ പ്രവർത്തന പരിചയത്തിന് ഊന്നൽ നൽകുന്ന വിഷയങ്ങളാണ് ഇവിടെ ചർച്ചചെയ്യപ്പെട്ടത്.

പുഷ്പനാദം
Issue - 1| October 2020 | Page 3/4

## പുഷ്പഗിരി സാറ്റ്ലൈറ്റ് സെൻ്റർ പ്രവർത്തനം ആരംഭിച്ചു.




സാധാരണക്കാർക്ക് കുറഞ്ഞ ചിലവിൽ ദന്തചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പുഷ്പഗിരി ഡെൻ്റൽ കോളേജിൻ്റെ ആഭിമുഖ്യത്തിൽ പായിപ്പാട് സാറ്റ്ലൈറ്റ് സെൻ്റർ പ്രവർത്തനമാരംഭിച്ചു.

എല്ലാ ചൊവ്വാ, ശനി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 2 മണി വരെ സേവനങ്ങൾ ലഭ്യമാണ്. (For appointment - contact Dr. Denny Ph.No. 9986463047)

## ക്യാൻസർ പ്രതിരോധിക്കാനാകണം - ആർച്ച് ബിഷപ്




2020 ഫെബ്രുവരി 4-ാം തീയതി ലോക അർബുദ ദിനത്തോടനുബന്ധിച്ചു കൈരളി സൊസൈറ്റി ഓഫ് ഓറൽ ആൻ്റ് മാക്സിലോഫേഷ്യൽ പതോളജിസ്റ്റും, പുഷ്പഗിരി കോളേജ് ഓഫ് ഡെൻ്റൽ സയൻസും, ജോയ് ആലൂക്കാസും സംയുക്തമായി തിരുവല്ല ജോയി ആലൂക്കാസിലും, കെ.എസ്.ആർ.ടി.സി ബസ് സ്റ്റാൻ്റിലും രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെ മെഗാ ഡെൻ്റൽ ചെക്കപ്പ്, ഓറൽ ക്യാൻസർ നിർണ്ണയം, പുകയില വിരുദ്ധ ക്യാമ്പയിൻ എന്നിവ നടത്തി. വൈകുന്നേരം മെഗാ ഓറൽ ക്യാൻസർ ബോധവത്കരണ റാലി സർക്കിൾ ഇൻസ്പെക്ടർ ശ്രീ. സന്തോഷ് ഫ്ളാഗ് ഓഫ് ചെയ്തു.



*ദന്തചികിത്സാ രംഗത്തെ സംഭാവനകൾക്കായി 2020 ജൂലൈ 1 ന് "ഡോക്ടർസ് ദിനത്തിൽ"പാലാ ഐഎംഎ ഡോ. ജോർജ്ജ് വർഗീസിന് ഐഎംഎ അവാർഡ് സമ്മാനിച്ചു.*

## അത്യാധുനിക സംവിധ ധാനങ്ങളോടെ ഡിപ്പാർട്ട്മെൻ്റ് ഓഫ് പ്രയോറിറ്റി ക്ലിനിക്ക് & ഓറൽ ഇംപ്ലാൻ്റോളജി

2019 മാർച്ചിൽ പ്രവർത്തനമാരംഭിച്ച Priority Clinic പതിവ് ഡെൻ്റൽ നടപടിക്രമങ്ങൾ മുതൽ അടിയന്തര ചികിത്സ വരെ പ്രതിജ്ഞാബദ്ധവും, അനുകമ്പയും, ഉറപ്പുമുള്ള നൂതന സാങ്കേതികവിദ്യകളുടെ പരിരക്ഷയോടെ സമൂഹത്തെ സേവിക്കാൻ ഈ സംരംഭം ശ്രമിക്കുന്നു. വളരെ പരിചയസമ്പന്നരായ ഡോക്ടർമാരുടെ സേവനം ഇവിടെ ലഭ്യമാണ്.



നഷ്ടപ്പെട്ട പല്ല്, കൃത്രിമമായി ഉറപ്പിക്കുന്ന രീതിയിൽ ഘടിപ്പിക്കുന്ന ഏറ്റവും ആധുനിക ചികിത്സയാണ് ഡെൻ്റൽ ഇംപ്ലാൻ്റ്. ഇതിനായി പ്രത്യേകം സജ്ജീകരണങ്ങളോടു കൂടി ഡിപ്പാർട്ട്മെൻ്റ് ഓഫ് ഓറൽ ഇംപ്ലാൻ്റോളജി എന്ന പ്രത്യേക വിഭാഗം പുഷ്പഗിരി ഡെൻ്റൽ കോളേജിൽ സെപ്തംബർ 2019-ൽ പ്രവർത്തനമാരംഭിച്ചു. മലങ്കര കാതോലിക്ക തിരുവല്ല അതിരൂപത വികാരി ജനറൽ റവ.ഫാ. ചെറിയാൻ താഴമൺ-ൻ്റെ മുഖ്യ കാർമികത്വത്തിൽ ബഹു. എം.പി. ശ്രീ. ആൻ്റോ ആൻ്റണി ഉദ്ഘാടനം നർവ്വഹിച്ചു.


Kerala State Excise Department
Thiruvalla Circle
CERTIFICATE OF PARTICIPATION
This certificate is proudly awarded to
Pushpagiri College of Dental Sciences, Medicity, Perunthuruthi, Thiruvalla
For active and invaluable participation in 'Mini Marathon' & 'Mega Dental Checkup and Oral Cancer Screening' held on 10th February 2020 & 5th March 2020 respectively during the 90 days intensive program organized by Kerala State Mission for De-addiction, "Vimukthi" under Kerala State Excise Department
Given this 5th day of March 2020
S. Sajeev
Circle Inspector of Excise
Thiruvalla
N.K. Mohankumar
Deputy Excise Commissioner
Pathanamthitta

**വിമുക്തി**

കേരള സ്റ്റേറ്റ് എക്സൈസ് ഡിപ്പാർട്ട്മെൻ്റ് ഫെബ്രു.10നും മാർച്ച് 5നും സംഘടിപ്പിച്ച മിനി മാരത്തോൺ & മെഗാ ഡൻ്റൽ ചെക്കപ്പിൽ പുഷ്പഗിരി കോളേജ് ഓഫ് ഡെൻ്റൽ സയൻസ് പങ്കെടുത്തു

## PROMPT - 2020

ഡിപ്പാർട്ട്മെൻ്റ് ഓഫ് ഓറൽ ആൻ്റ് മാക്സിലോഫേഷ്യൽ സർജ്ജറിയും സംസ്ഥാന മാക്സിലോഫേഷ്യൽ അസ്സോസിയേഷനും സംയുക്തമായി പോസ്റ്റ് ഗ്രാഡുവേറ്റ് ദേശീയ ശില്പശാല ഫെബ്രുവരി 13-16 വരെ തീയതികളിൽ പുഷ്പഗിരി ഡൻ്റൽ കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തി. ഉദ്ഘാടനദിവസം ദേശീയ മാക്സിലോഫേഷ്യൽ ദിനവും ആചരിച്ചു.

മെഡിസിറ്റി ഡയറക്ടർ ഫാദർ എബി വടക്കുംതലയുടെ സാന്നിദ്ധ്യത്തിൽ ശ്രീ. ജോർജ്ജ് മാമൻ കൊണ്ടൂർ ഉദ്ഘാടനം നിർവ്വഹിച്ചു. 110-ഓളം പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികൾ പങ്കെടുത്ത ശില്പശാലയ്ക്ക് നേതൃത്വം നൽകിയത് Dr. George Varghese, Dr. Eapen Thomas, Dr. Akhilesh Prathap എന്നിവരാണ്.



## AO-CMF-ൻ്റെ പഠന ക്ലാസ്സും പരിശീലവും

2020 ജനുവരി 3,4 തീയതികളിൽ പുഷ്പഗിരി കോളേജ് ഓഫ് ഡെൻ്റൽ സയൻസസിൽ AO-CMF ൻ്റെ പഠന ക്ലാസ്സും പരിശീലനവും നടത്തുകയുണ്ടായി. ദേശീയ, അന്തർദേശീയ തലത്തിൽ നിന്നും ഇരുപതോളം പ്രഗത്ഭരായ മാക്സിലോഫേഷ്യൽ സർജന്മാരുടെ നേതൃത്വത്തിലായിരുന്നു രണ്ടു ദിവസത്തെ ക്ലാസുകൾ നടന്നത്. അൻപതോളം വിദ്യാർത്ഥി വിദ്യാർത്ഥിനികൾ പങ്കെടുത്ത ഈ പരിപാടിയിൽ വിവിധ ചികിത്സാ രീതികളുടെ ചർച്ചയും നടത്തുകയുണ്ടായി. കേരളത്തിൽ ആദ്യമായി നടത്തിയ ഈ പരിപാടിയ്ക്കു നേതൃത്വം നൽകിയത് പ്രൊഫ. ഡോ. ഈപ്പൻ തോമസ് , ഡോ. ജോർജ്ജ് വർഗീസ് എന്നിവരായിരുന്നു.



*വർഷത്തിൽ ഒരിക്കൽ സ്റ്റാഫ് ടൂറും, എല്ലാ സ്റ്റാഫുകളുടെയും ജന്മദിനവും ഡെൻ്റൽ കോളേജിൽ ആഘോഷിക്കുന്നുണ്ട്*

## Dent Beats

കോവിഡ് 19-ൻ്റെ പശ്ചാത്തലത്തിൽ പുഷ്പഗിരി ഡെൻ്റൽ കോളേജിലെ "അദ്വയ" സ്റ്റുഡൻ്റ്സ് യൂണിയൻ്റെ നേതൃത്വത്തിൽ ഓൺലൈനായി ഓണപരിപാടികളും, മത്സരങ്ങളും സംഘടിപ്പിച്ചു. ഓണത്തിനു മുൻപുള്ള രണ്ടാഴ്ചകളിൽ രണ്ട് മത്സരങ്ങൾ വീതവും തിരുവോണദിവസം 4 മത്സരങ്ങളുമാണ് നടന്നത്. "സിങ്ടു ദി ട്യൂൺ", "ഇൻസ്ട്രോ ട്യൂൺ", "മാസ്ക് ഡിസൈനിംഗ്" എന്നിവയിൽ യഥാക്രമം ഡോ.സ്നേഹാ ജോയി, ഡോ. എമിൽ ജോർജ്ജ്, ആര്യ കെ. ദാസ് എന്നിവർ വിജയികളായി. ലൂപ് ഡാൻസിൽ 2017 ബാച്ച് ഒന്നാം സ്ഥാനം കരസ്ഥമാക്കി. മലയാളി മങ്കയായി സിത്താര ബാബു തിരഞ്ഞെടുക്കപ്പെട്ടു. പൂക്കളം ഡിസൈനിൽ ആര്യ കെ. ദാസ് വിജയിയായപ്പോൾ ഓണം ഫോട്ടോഗ്രാഫിയിൽ ഫാത്തിമാ ഫെബിൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഓണപ്പാട്ട് മത്സരത്തിൽ 2016 ബാച്ച് വിജയികളായി. സ്റ്റുഡൻ്റ്സ് യൂണിയൻ ചെയർമാൻ മെഹറൂഫ് കലാം നേതൃത്വം നൽകി.



## പുസ്തക പ്രകാശനം

പുഷ്പഗിരി കോളേജ് ഓഫ് ദന്തൽ സയൻസസിലെ പ്രോസ്തോഡോൻ്റിക് ഡിപ്പാർട്ടുമെൻ്റിലെ പ്രൊഫസർ ഡോ. സുജാ ജോസഫ് രചിച്ച "A Manuel of Pre-clinical Prosthodontics" എന്ന പുസ്തകം പ്രോസ്തോഡോൻ്റിക് വിഭാഗത്തിലെ ഇന്ത്യൻ ആചാര്യനായി അറിയപ്പെടുന്ന ഡോ. ചന്ദ്രശേഖരൻ നായർ പ്രകാശനം ചെയ്തു. തിരുവല്ല അതിരൂപതയുടെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ തോമസ് മാർ കൂറിലോസ് ആശിർവാദം നിർവ്വഹിച്ചു.

പുഷ്പനാദം
Issue - 1| October 2020 | Page 4/4

## ജില്ലയ്ക്ക് അഭിമാനമായി 'Seal It'

പുഷ്പഗിരി ഡെന്റൽ കോളേജിന്റെ ആഭിമുഖ്യത്തിൽ 2018 മുതൽ 2020 വരെ സൗജന്യ ദന്തക്ഷയ പ്രതിരോധ ചികിത്സാ പദ്ധതിയായ 'Seal It' നടത്തുകയുണ്ടായി. Dr.Vinod Mulamoottil, Dr. Sunu Alice Cherian എന്നിവരുടെ നേതൃത്വത്തിൽ 6 മുതൽ 12 വയസ്സു വരെയുള്ള കുട്ടികളിൽ 3 ജില്ലകളിലായി, 39 ക്യാമ്പുകളും 7000 വിദ്യാർത്ഥികളും പങ്കെടുത്തു. ഇതിന്റെ ഭാഗമായി അധ്യാപകർക്കുള്ള പരിശീലന സെമിനാർ ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ. ജോർജ്ജ് മാമ്മൻ കൊണ്ടൂർ ഉദ്ഘാടനം ചെയ്തു. 200-ൽ പരം അധ്യാപകർ പങ്കെടുത്ത സെമിനാർ Dr. Subbalekshmi, Dr. Sherin Sara, Dr. Sneha Elizabeth എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി.



*സീൽ ഇറ്റിന്റെ ഭാഗമായി ലഭിച്ച വാഹനം*

## Ikap & Ignite...

ഇന്റേൺഷിപ്പിന് കടന്നു വരുന്ന വിദ്യാർത്ഥികളുടെ അറിവിനെ മിനുക്കിയെടുക്കുന്നതിനായി നടത്തിവരുന്ന പരിപാടികളാണ് IKAP അഥവാ Interns Knowledge Advancement Programme-ഉം Ignite-ഉം. ഒരു ബാച്ചിന് കുറഞ്ഞത് 40 സെഷൻ എങ്കിലും ലഭിക്കുന്ന രീതിയിലാണ് ഇവ ക്രമീകരിച്ചിരിക്കുന്നത്.

Ignite സെഷനുകൾ സാധാരണയായി 11 സെഷൻ ആണ് ഒരു ബാച്ചിന് ലഭിക്കുക. അതിൽ തീയറിയും, ഹാന്റ്സ് ഓൺ സെഷനുകളും ഉൾപ്പെടുന്നു. Ignite-ന്റെ 8-ാമത്തെ സെഷൻ ആയ "Recovery, Adapting to new normal" 2020 ഒക്ടോബർ 10ന് നടന്നു.

## കോവിഡ് കാലത്തെ വിദ്യാർത്ഥികളുടെ പാഠ്യരീതി

കോവിഡ് കാലത്ത് ഹൗസ് സർജ്ജൻസിന് ഡിപ്പാർട്ടുമെന്റ് പോസ്റ്റിംഗിന്റെ അഭാവത്തിൽ 35-ൽ പരം ഓൺലൈൻ ക്ലാസുകളും, അതോടൊപ്പം 45-ൽ പരം റിസേർച്ച് ടോപ്പിക്കുകളും ചർച്ച ചെയ്യപ്പെടുകയുണ്ടായി.

ഒന്നാം വർഷം മുതൽ അവസാന വർഷം വരെയുള്ള വിദ്യാർത്ഥികൾക്ക് മാസം തോറും 55-ൽ പരം ഓൺലൈൻ ക്ലാസുകൾ നടത്തിവരുന്നു. അതോടൊപ്പം യഥാസമയത്ത് 2 ഇന്റേണൽ പരീക്ഷകളും നടത്തി.

## വായനക്കളരി

പുഷ്പഗിരി മെഡിസിറ്റിയിൽ ദന്തൽ കോളേജിൽ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ വായനക്കളരിയുടെ ഉദ്ഘാടനം 11.07.2019-ൽ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായി എല്ലാ ഡിപ്പാർട്ടുമെന്റുകളിലും പത്രം ദിനവും വിതരണം ചെയ്തുവരുന്നു.



## പുസ്തക പ്രകാശന ചടങ്ങ്

24 ഒക്ടോബർ 2019ന് കേരളാ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പ്രമുഖ കോളേജിലെ മികവുറ്റ അധ്യാപകരെ മുൻനിർത്തി **'Advance in Dental Science'** എന്ന പ്രസിദ്ധീകരണം കേരളാ ഗവർണ്ണർ ശ്രീ.ആരിഫ് മുഹമ്മദ് ഖാൻ പ്രകാശനം ചെയ്തു. പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസസിലെ Dr. George Varghese, Dr. Biju Sebastian, Dr. Benley George, Dr. A Devadethan, Dr. S. Sunil, Dr. Jose Jacob എന്നിവരുടെ അദ്ധ്യായങ്ങളും പ്രസിദ്ധീകരണത്തിൽ ഉൾപ്പെട്ടിരുന്നു. പുഷ്പഗിരി ഡെന്റൽ കോളേജിന്റെ അക്കാഡമിക് വൈസ് പ്രിൻസിപ്പൽ ഡോ. ബിജു സെബാസ്റ്റ്യനാണ് പ്രസിദ്ധീകരണം സമാഹരിച്ചത്.



## DORA Course (ഡെന്റൽ ഓപ്പറേറ്റിംഗ് റൂം അസിസ്റ്റന്റ്)

പുഷ്പഗിരി ഡെന്റൽ കോളേജിൽ ഡോറ കോഴ്സ് ആരംഭിച്ചിരിക്കുന്നു. 2 വർഷത്തിലേക്കുള്ള പാരാമെഡിക്കൽ എഡ്യൂക്കേഷൻ കേരളാ സർക്കാർ, ഡെന്റൽ കൗൺസിൽ ഓഫ് ഇന്ത്യ അംഗീകാരം ഉള്ളതാണ്. ഇതിന്റെ യോഗ്യത എന്നു പറയുന്നത് പ്ലസ് 2 പരീക്ഷയിൽ ഏതെങ്കിലും സയൻസ് വിഷയങ്ങൾ പാസായിരിക്കണം എന്നതാണ്. പി.എസ്.സി. വിജ്ഞാപനം വഴിയുള്ള ജോലിയിലും, ഗൾഫ് രാജ്യങ്ങളിലേക്കുള്ള ജോലിയിലും ഈ സർട്ടിഫിക്കറ്റ് നിർബന്ധമാണ്. പുഷ്പഗിരി ഡെന്റൽ കോളേജ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നതിനാൽ കുട്ടികൾക്ക് അവരുടെ പ്രസ്തുത വിഷയങ്ങളിലെല്ലാം തന്നെ പ്രാവീണ്യം നേടാൻ സാധിക്കുന്നതാണ്. (For queries contact Dr. Benley George - 97545015511)





*ഇന്ത്യൻ ഡെന്റൽ അസ്സോസിയേഷൻ തിരുവല്ല ശാഖയിലെ പ്രവർത്തന മികവിനുള്ള സംസ്ഥാന പുരസ്കാരം ശ്രീ. രാജേഷ് എം.പി. യിൽ നിന്നും, മികച്ച ബ്രാഞ്ച് പ്രസിഡന്റിനുള്ള 2nd Runner up അവാർഡ്, ഡോ. അഖിലേഷ് പ്രതാപ് സ്വീകരിക്കുന്നു, കൂടാതെ മികച്ച Journal-ലിനുള്ള 2nd Runner-up അവാർഡ് Dr. Prameetha George സ്വീകരിച്ചു.*



## റേഡിയോ മാക്ഫാസ്റ്റ് 90.4

ദന്ത പരിപാലന ബോധവത്കരണം മുൻനിർത്തി പുഷ്പഗിരി ഡെന്റൽ കോളേജും, മാക്ഫാസ്റ്റും സംയുക്തമായി എല്ലാ ബുധനാഴ്ചയും റേഡിയോ പ്രോഗ്രാമിലൂടെ പൊതുജനങ്ങളുടെ സംശയനിവാരണം നടത്തപ്പെടുന്നു.





## C.D.E Chairman ആയി സ്ഥാനമേറ്റു

2020-ൽ ഇന്ത്യൻ ഡെന്റൽ അസ്സോസിയേഷന്റെ സെന്റൽ കേരള കോട്ടയം ശാഖയുടെ C.D.E. ചെയർമാനായി Dr. Nithin Pratap, തിരുവല്ലാ ശാഖയുടെ C.D.E. ചെയർമാനായി Dr. Ravi Rajan Areekkal സ്ഥാനമേറ്റു,

**How to Reach Medicity :**

**Thiruvalla** — **M.C.Road** — **Perumthuruthy Jn.** — **M.C.Road** — **Changanacherry**

**PUSHPAGIRI MEDICITY**

***Advisory Board :***

Rev. Fr. Aby Vadakkumthala
Dr. K. George Varghese
Dr. Benly George
Dr. Biju Sebastian
Dr. Sunil S.

***Editorial Board :***

Dr. Nithin Pratap
Dr. Vinod Mathew Mulamoottil
Dr. Arjun Parameswar
Dr. Ravi Rajan Areekkal
Dr. Premeetha George
Dr. Renjini V.R.
Dr. Immanuel Mathew Kurian
Dr. Denny Thomas
Mr. Marvin Liju Thomas
Ms. Tintu Mary Thomas